# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/247/2017 2017 നവംബർ 23

## <u>പത്രക്കുറിപ്പ്</u>

**<u>ബി.ടെക് പരീക്ഷ മാറ്റി</u>**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (നവംബർ 24) നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**<u>സൂക്ഷ്മപരിശോധന</u>**

2017 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ നവംബർ 28, 29, 30 തീയതികളിൽ പുതിയ പരീക്ഷാഭവനിലെ ഇജെ 11 സെക്ഷനിൽ തിരിച്ചറിയൽ രേഖയുമായി ഹാജരാകണം.

**<u>പുനർമൂല്യനിർണ്ണയഫലം</u>**

2016 മെയ് മാസം നടത്തിയ രണ്ടും, 2016 ഒക്ടോബറിൽ നടത്തിയ മൂന്നും സെമസ്റ്റർ ബി.എ., ബി.സി.എ. എന്നീ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധീകരിച്ചു. മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും മെമ്മോ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട പരീക്ഷാ ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കണം.

**<u>പരീക്ഷാഫലം</u>**

2017 സെപ്തംബറിൽ സ്കൂൾ ഓഫ് ബയോ സയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. മൈക്രോ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, ബയോ ഫിസിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് (പി.ജി. സി.എസ്.എസ്. റഗുലർ, ബെറ്റർമെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 5 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 5 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരി മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മലയാളം, പൊളിറ്റിക്സ് (നോൺ സി.എസ്.എസ്.) മേഴ്സി ചാൻസ്/സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 4 വരെ അപേക്ഷിക്കാം.

**<u>പുതിയ ട്രാൻസ്ജെൻഡർ ബില്ല് മൗലികാവകാശങ്ങൾ ലംഘിക്കുന്നതെന്ന് ഡോ. കൽക്കി സുബ്രഹ്മണ്യം</u>**

ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഭരണഘടനാ ബന്ധിതമായ മൗലികാവകാശങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കാനിരിക്കുന്ന 2016ലെ കരട് ബില്ലിൽ പരിഗണിക്കുന്നില്ലെന്ന് പ്രശസ്ത ട്രാൻസ്ജെൻഡർ പ്രവർത്തകയും കലാകാരിയുമായ ഡോ. കൽക്കി സുബ്രഹ്മണ്യം

അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ട്രാൻസ്ജെൻഡർ ബിൽ 2016 – ഒരു അപഗ്രഥനം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. കൽക്കി. ഈ വിഷയവുമായി ബന്ധപ്പെട്ട് ഡി.എം.കെ. എം.പി. തിരിച്ചി ശിവ 2015ൽ രാജ്യസഭയിൽ അവതരിപ്പിച്ച ബില്ലിലെ പ്രധാന അവകാശ സംരക്ഷണ നിർദ്ദേശങ്ങൾ പുതിയ ബില്ലിൽ ഇല്ലെന്ന് ഡോ. കൽക്കി അഭിപ്രായപ്പെട്ടു. സുപ്രധാനമായ മനുഷ്യാവകാശ വിഷയങ്ങൾ വിശേഷിച്ച് വിവാഹം, വിവാഹമോചനം, ദത്തെടുക്കൽ മുതലായ കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാകാത്ത സാഹചര്യം നിലനിൽക്കെ തിടുക്കത്തിൽ ഒരു നയം രൂപീകരിക്കുന്നതിൽ നിന്ന് പാർലമെന്റ് പിന്മാറണമെന്നും ഡോ. കൽക്കി അഭിപ്രായപ്പെട്ടു. തമിഴ്നാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹോദരി ഫൗണ്ടേഷനിലെ ട്രാൻസ്ജെൻഡർ പ്രവർത്തകർ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. അഡ്വ. കെ. ജെ. ഫിലിപ്പോസ്, എലിസബത്ത് ഫിലിപ്പ് എന്നിവർ സംസാരിച്ചു. ഡോ. എം.വി. ബിജുലാൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ഡോ. കൽക്കി സുബ്രഹ്മണ്യം 'ട്രാൻസ്ജെൻഡർ ബിൽ 2016 – ഒരു അപഗ്രഥനം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നു**

**<u>പ്രിൻസിപ്പൽമാരുടെ യോഗം നടത്തി</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം സർവ്വകലാശാലാ അസംബ്ലിഹാളിൽ നടത്തി. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. എം.എസ്. മുരളി, ഡോ. എസ്. സുജാത, ഡോ. കെ. കൃഷ്ണദാസ്, ഡോ. അജി. സി. പണിക്കർ, ഡോ. പി. തോമസ് മാത്യു, പരീക്ഷാ കൺട്രോളർ ഡോ. എം. തോമസ് ജോൺ, ഫിനാൻസ് ഓഫീസർ എബ്രഹാം പുതുമന തുടങ്ങിയവർ പങ്കെടുത്തു. കോളേജുകളിലെ പി.ഡി. ഫണ്ട് വിനിയോഗം, അദ്ധ്യാപക പോർട്ടൽ പുതുക്കൽ, പരീക്ഷാ ക്വസ്റ്റ്യൻ ബാങ്ക്, ഓൺലൈൻ പേയ്മെന്റ് സംവിധാനം, പരീക്ഷയുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. പ്രിൻസിപ്പൽമാർ ഉന്നയിച്ച നിർദ്ദേശങ്ങൾക്കും പരാതികൾക്കും പരീക്ഷാ കമ്മിറ്റി കൺവീനർ ഡോ. ആർ. പ്രഗാഷ് മറുപടി നൽകി.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**